അക്രമികൾക്ക് കീഴാറ്റൂരിൽ നിന്ന് വിവരം ലഭിച്ചതിനെ കുറിച്ചും അന്വേഷണം തുടങ്ങി

കീഴാറ്റൂരിൽ കലാപം സൃഷ്ടിക്കാൻ ശ്രമിച്ചതിന് ബി.ജെ.പി-ആർ.എസ്.എസ് പ്രവർത്തകരുടെ പേരിൽ കേസ്

തളിപ്പറമ്പ: വയൽക്കിളി പ്രവർത്തകരെയോ സി.പി.എം പ്രവർത്തകരെയോ വധിച്ച് കീഴാറ്റൂരിലും തളിപ്പറമ്പിലും കലാപം സൃഷ്ടിക്കാൻ ശ്രമിച്ചെന്ന വകുപ്പ് ചേർത്ത് പുതിയ കേസ് കൂടി തളിപ്പറമ്പ പോലീസ് രജിസ്റ്റർ ചെയ്തു. ബാറിൽ നിന്നും മദ്യവും കോഴി ഇറച്ചിയും മോഷ്ടിച്ച ആർ.എസ്.എസ് പ്രവർത്തകൻ ജയൻ മറ്റ് പ്രതികളെയും കൂട്ടി മുള്ളൂലിലെ വീട്ടിൽ പോയി മദ്യ എ സ് . എ സ് - ബി. ജെ. പി പ്രവർത്തകരുടെ പേരിൽ കലാപം സൃഷ്ടിക്കാൻ ശ്രമിച്ചെന്ന വകുപ്പ് ചേർത്ത് പുതിയ കേസ് കൂടി തളിപ്പറമ്പ പോലീസ് രജിസ്റ്റർ ചെയ്തു. ബാറിൽ നിന്നും മദ്യവും കോഴി ഇറച്ചിയും മോഷ്ടിച്ച ആർ.എസ്.എസ് പ്രവർത്തകൻ ജയൻ മറ്റ് പ്രതികളെയും കൂട്ടി മുള്ളൂലിലെ വീട്ടിൽ പോയി മദ്യ സേവ നടത്തിയാണ് കലാപത്തിന് ആക്കം കൂട്ടിയത്. മദ്യത്തിന് അടിമകളായ ആലത്തട്ടിലെ യുവാക്കളെയാണ് ഇതിന് ഉപയോഗിച്ചത്. എന്നാൽ മാരകായുധങ്ങളുമായി കീഴാറ്റൂരിൽ പോയതും സി. പി. എമ്മിന്റെ കൊടി നശിപ്പിച്ചതും മൂൻകൂട്ടി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണെന്നാണ് പോലീസിന് കിട്ടിയ വിവരം. വയൽക്കിളികൾ 12.45 വരെ കീഴാറ്റൂർ വെയിറ്റിംഗ് ഷെൽട്ടറിൽ ഉണ്ടായിരുന്നു. തൊട്ടപ്പുറത്ത് സി. പി. എം പ്രവർത്തകരും ഉണ്ടായിരുന്നു. ഇവർ റോഡരികിലുണ്ടെന്ന് ആർ. എസ്. എസ് - ബി. ജെ. പി പ്രവർത്തകർക്ക് കീഴാറ്റൂരിൽ നിന്ന് വിവരം ലഭിച്ചതായാണ് ഡി. വൈ. എ സ് . പി യുടെ പ്രത്യേക അന്വേഷണ സംഘത്തിന് ലഭിച്ച നിർണ്ണായക വിവരം. ഇതിന്റെ അടിസ്ഥാനത്തിൽ ഫോൺ കോളുകൾ കേന്ദ്രീകരിച്ച് അന്വേഷണം ഊർജിതപ്പെടുത്തിയിട്ടുണ്ട്. വയൽക്കിളികൾ സമരം ചെയ്യുന്ന കീഴാറ്റൂരിൽ ചില കുഴപ്പങ്ങൾ സൃഷ്ടിച്ച് കലാപം സൃഷ്ടിക്കാൻ ബാഹ്യശക്തികൾ ശ്രമിക്കുന്നുവെന്ന ആരോപണം ശരിവെക്കുന്നതാണ് ഇന്നലെ അക്രമക്കേസിൽ പിടിയിലായവരുടെ മൊഴികൾ.



വെള്ളാരംപാറയിലെ പോലീസ് യാർഡിൽ ഉണ്ടായ തീപ്പിടിത്തം.

കത്തിനശിച്ച വാഹനങ്ങൾ

വെള്ളാരംപാറയിൽ പോലീസ് യാർഡ് ദുരൂഹസാഹചര്യത്തിൽ കത്തിനശിച്ചു

തളിപ്പറമ്പ: കേസുകളുമായി ബന്ധപ്പെട്ട് പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കുന്ന യാർഡിൽ ദുരൂഹസാഹചര്യത്തിൽ തീപ്പിടിച്ചു. ഇന്നു പുലർച്ചെയോടെയായിരുന്നു തീപ്പിടിത്തം. മൂന്ന് വാഹനങ്ങൾ കത്തിനശിച്ചു. ഫയർഫോഴ്സ് എത്തിയാണ് തീയണച്ചത്.

തളിപ്പറമ്പ്, പരിയാരം, പഴയങ്ങാടി പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ വെള്ളാരംപാറയിലെ യാർഡിലാണ് സൂക്ഷിക്കാറുള്ളത്. ചുറ്റും കമ്പിവേലി കെട്ടി മുൻഭാഗത്ത് ഗെയിറ്റും സ്ഥാപിച്ച നിലയിലാണ് യാർഡ്. 24 മണിക്കൂറും ഇവിടെ പോലീസ് കാവലുമുണ്ട്. അതിനിടയിലും യാർഡിന് സാമൂഹ്യവിരുദ്ധർ തീ കൊടുത്തതാണെന്ന സംശയം ഉയർന്നിട്ടുണ്ട്.

കരിമ്പം പാലത്തിനും ചൊറുക്കളയ്ക്കും ഇടയിലെ വിജനമായ പ്രദേശമാണ് വെള്ളാരംപാറ. കഴിഞ്ഞ കുറച്ചു ദിവസങ്ങളായി ഈ ഭാഗത്തെ പുൽമേടുകൾ തീപ്പിടിക്കുന്നത് പതിവായിരിക്കുകയാണ്. ഈ തീപ്പിടിത്തത്തിലും ദുരൂഹതയുണ്ട്.

യാർഡിൽ 24 മണിക്കൂറും പോലീസ് കാവലുള്ളതും ഇടക്കിടെ പോലീസുകാർ ഇവിടെ എത്തുന്നതും മറ്റും സാമൂഹ്യവിരുദ്ധരായ ചിലർക്ക് പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. അതാണോ അഗ്നിബാധക്ക് കാരണമെന്ന് സംശയിക്കുന്നു.

മദ്യലഹരിയിൽ ഓടിച്ച ടവേര ഓട്ടോയിലിടിച്ചു; ഓട്ടോ സൈക്കിളിലിടിച്ച് എട്ടു വയസുകാരന് പരിക്ക്

പയ്യന്നൂർ: മദ്യലഹരിയിൽ ഓടിച്ച ടവേര കാർ ഓട്ടോറിക്ഷയിലിടിച്ചു. മുന്നോട്ടു നീങ്ങിയ ഓട്ടോ സൈക്കിളിലിടിച്ച് എട്ടുവയസുകാരന് സാരമായി പരിക്കേറ്റു. ഇന്നലെ വൈകുന്നേരം അന്നൂർ മൂരിക്കൊവ്വലിലാണ് അപകടം. എടച്ചാക്കൈ കോക്കടവിലെ ടി.രതീഷ് ഓടിച്ച ടവേരയാണ് ഓട്ടോറിക്ഷയിലിടിച്ചത്. മൂരിക്കൊവ്വലിലുള്ള രവിയുടെ കടയുടെ മുന്നിൽ നിർത്തി സാധനങ്ങൾ ഇറക്കിവെക്കുന്നതിനിടയിലാണ് നിയന്ത്രണം വിട്ടുവന്ന ടവേര കാർ ഓട്ടോറിക്ഷയുടെ പിറകിൽ വന്നിടിച്ചത്. ഇടിയുടെ ആഘാതത്തിൽ മുന്നോട്ടുനീങ്ങിയ ഓട്ടോറിക്ഷ അതുവഴി സൈക്കിളിൽ വരികയായിരുന്ന കുട്ടിയെ ഇടിച്ച് തെറിപ്പിച്ച് മുന്നോട്ടുനീങ്ങി. വ്യാപാരിയായ രവിയുടെ വീടിന്റെ ഗെയ്റ്റിലിടിച്ചാണ് ഓട്ടോറിക്ഷ നിന്നത്. സൈക്കിളും വീടിന്റെ ഗെയ്റ്റും തകർന്ന നിലയിലാണ്. അപകടത്തിൽ പരിക്കേറ്റ അന്നൂരിലെ അജയന്റെ മകൻ മൂന്നാംക്ലാസ് വിദ്യാർത്ഥിയായ പാർത്ഥിപിനെ പയ്യന്നൂർ സ്വകാര്യാശുപത്രിയിൽ പ്രവേശിപ്പിച്ചു. മദ്യപിച്ച് വാഹനമോടിച്ചതിനും ബഹളമുണ്ടാക്കിയതിനും ടവേര ഡ്രൈവർ ടി.രതീഷ് (28), വാഹനത്തിലുണ്ടായിരുന്ന ആർ.സി ഉടമ തൃക്കരിപ്പൂർ നടക്കാവിലെ പടിഞ്ഞാറെ വീട്ടിൽ സുനിൽകുമാർ (39) എന്നിവർക്കെതിരെ പയ്യന്നൂർ പോലീസ് കേസെടുത്തു.

സ്കൂളിന് മുന്നിൽ ബസും കാറും കൂട്ടിയിടിച്ചു

ചെറുപുഴ: കാക്കയംചാൽ സെന്റ് മേരീസ് സ്കൂളിന് മുന്നിൽ സ്വകാര്യ ബസും കാറും കൂട്ടിയിടിച്ചുവെങ്കിലും ഭാഗ്യം കൊണ്ട് അപകടമൊഴിവായി. ഇന്നലെ വൈകുന്നേരം ആറരയോടെയാണ് സംഭവം. അമിത വേഗതയാണ് അപകടത്തിന് കാരണമായത്. ഇടിയുടെ ആഘാതത്തിൽ കാറിന്റെ മുൻഭാഗം പാടെ തകർന്നു.

തലശേരി ലോട്ടസ് ടാക്കീസിന് സമീപത്തെ തിയ്യ സമുദായ ശ്മശാന ഓഫീസ് കെട്ടിടം തീവെച്ച് നശിപ്പിച്ച നിലയിൽ

പ്രതിഷേധം ഉയർന്നതിനെ തുടർന്ന് തൃച്ചംബരത്ത് ഉത്സവാഘോഷത്തിന് അനുമതി

തളിപ്പറമ്പ: എസ്.എഫ്.ഐ നേതാവിന് കുത്തേറ്റതിനെ തുടർന്ന് തൃച്ചംബരം ഉത്സവാഘോഷത്തിന് നൽകിയ മൈക്ക് പെർമിഷൻ പിൻവലിച്ച നടപടിയിൽ നിന്നും പോലീസ് പിൻമാറി. സംഭവം വിവാദമായതോടെ ഡി.വൈ.എസ്.പി കെ.സി.വേണുഗോപാലൻ സർവ്വകക്ഷിയോഗം വിളിച്ചു ചേർത്തിരുന്നു. അക്രമത്തെ പ്രോത്സാഹിപ്പിക്കില്ലെന്നും ആരെങ്കിലും അക്രമം നടത്തിയാൽ അവരെ പാർട്ടി തള്ളിപ്പറയുമെന്നും നേതാക്കൾ ഉറപ്പ് നൽകിയതിനെ തുടർന്നാണ് റദാക്കിയ അനുമതി വീണ്ടും നൽകാൻ പോലീസ് തയ്യാറായത്.

ആഘോഷ പരിപാടികൾ നടത്താതിരുന്നത് ഭക്തജനങ്ങളുടെ ഇടയിൽ കടുത്ത പ്രതിഷേധത്തിന് ഇടയാക്കിയിരുന്നു. ഇത് മറ്റ് രീതിയിലേക്ക് തിരിയുമെന്ന ഘട്ടം വന്നതോടെയാണ് പോലീസും ചുവട് മാറ്റിയത്. സർവ്വകക്ഷി യോഗത്തിൽ കോമത്ത് മുരളീധരൻ (സി.പി.എം), കല്ലിങ്കീൽ പത്മനാഭൻ, സി.വി.ഉണ്ണി (കോൺഗ്രസ്), ടി.ടി.സോമൻ, അഡ്വ.വി നോദ്കുമാർ (ബി.ജെ.പി), സേവാസമിതി ഭാരവാഹികളായ സി. സുരേന്ദ്രൻ നമ്പ്യാർ, വി.പി.ചന്ദ്രപ്രകാശ്, എം.ഗണപതി, എം.അശോക് കുമാർ പങ്കെടുത്തു.

സെബാസ്റ്റ്യൻ: ഉന്നതരുടെ കയ്യക്ഷരങ്ങൾ സൂക്ഷിച്ച വ്യക്തി

ശ്രീകണ്ഠപുരം: ചെമ്പേരിയിൽ നിര്യാതനായ മുന്തിരിങ്ങാട്ടുകുന്നേൽ സെബാസ്റ്റ്യൻ ഉന്നതരുടെ കയ്യക്ഷരങ്ങൾ ചേർത്തുപിടിച്ച വ്യക്തിത്വം. കത്തെഴുത്തിലൂടെ രാഷ്ട്രീയ- സാഹിത്യ- സാംസ്കാരിക മേഖലകളിലുള്ള ഉന്നതരുമായി നിരന്തരം ബന്ധം സ്ഥാപിക്കുകയും സെബാസ്റ്റ്യൻ അയച്ചിരുന്ന കത്തുകൾക്ക് അവരുടെ സ്വന്തം കൈപ്പടയിൽ മറുപടിക്കത്ത് എഴുതിയിരുന്ന ഒരു കാലമുണ്ടായിരുന്നു. അമേരിക്കൻ പ്രസിഡണ്ടായിരുന്ന ജോൺ എസ്. കെന്നഡിക്ക് കത്തയച്ചുകൊണ്ടായിരുന്നു തുടക്കം. കെന്നഡിയുടെ മറുപടിക്കത്ത് ഇന്നും സെബാസ്റ്റ്യന്റെ മേശയിൽ നിധിപോലെ കാത്തുസൂക്ഷിച്ചിട്ടുണ്ട്. വിൻസെന്റ് ചർച്ചിൽ, റൂസ്വെൽട്ട്, ഇന്ദിരാഗാന്ധി, നെഹ്റു, കവി അയ്യപ്പൻ, സുഗതകുമാരി, ഒ.എൻ.വി തുടങ്ങി ഒട്ടേറെപ്പേരുടെ കൈപ്പടകൾ സെബാസ്റ്റ്യന്റെ വീട്ടിലുണ്ട്. കത്തെഴുത്ത് ജീവിതത്തിന്റെ ഭാഗമാക്കി മാറ്റിയ സെബാസ്റ്റ്യൻ ചേട്ടന്റെ വിയോഗം ചെമ്പേരി നിവാസികളെ ഏറെ സങ്കടത്തിലാക്കി.

ഹരിത രാഷ്ട്രീയത്തിന്റെ നന്മകളാൽ മൊട്ടമ്മൽ രാമൻ-ശ്രീദേവി പുരസ്കാരം കരസ്ഥമാക്കിയ മുൻ എംഎസ്.എഫ് സംസ്ഥാന ഉപാധ്യക്ഷനായ പ്രിയ നേതാവ് മഹമൂദ് അള്ളാംകുളത്തിന്
അഭിനന്ദനങ്ങൾ
msf തളിപ്പറമ്പ മുനിസിപ്പൽ കമ്മിറ്റി

വേർപാടിന്റെ ഒന്നാം വർഷം
(13-03-2018)
കെ.വി.മാധവി
കാഞ്ഞിരങ്ങാട്
ഒരിക്കലും മായാത്ത ഓർമ്മകളോടെ
ഭർത്താവ്, മക്കൾ, മരുമക്കൾ
പേരമക്കൾ, സഹോദരങ്ങൾ
കുടുംബാംഗങ്ങൾ

നൈജീരിയൻ കരുത്തിൽ സെലക്ടഡ് വളപട്ടണം ക്വാർട്ടറിൽ

നിയാസ് ഇബ്രാഹിം

തളിപ്പറമ്പ: ഒരു മിനുട്ടിനുള്ളിൽ നേടിയ രണ്ട് ഗോളുകളുടെ ആത്മവിശ്വാസത്തിൽ കളിച്ച സെലക്ടഡ് വളപട്ടണം രണ്ടിനെതിരെ നാലുഗോളുകൾക്ക് കരുത്തരായ ഹിറ്റാച്ചി തൃക്കരിപ്പൂരിനെ തോൽപ്പിച്ച് ക്വാർട്ടറിൽ പ്രവേശിക്കുന്ന ആദ്യ ടീമായി. നൈജീരിയൻ താരങ്ങളായ ജൂനിയർ, പോൾ, അലക്സി എന്നിവർ നേടിയ ഗോളുകളുടെ ബലത്തിലാണ് വളപട്ടണത്തിന്റെ ക്വാർട്ടർ പ്രവേശനം. മത്സരത്തിന്റെ ആദ്യ മിനുട്ടുകളിൽ കളിയുടെ കടിഞ്ഞാൺ ഹിറ്റാച്ചിയുടെ കൈവശമായിരുന്നു. എന്നാൽ കളിയുടെ ഒഴുക്കിന് വിപരീതമായി 15-ാം മിനുട്ടിൽ വളപട്ടണം രണ്ട് ഗോൾ നേടി. വളപട്ടണത്തിന്റെ ജൂനിയറിനെ പ്രതിരോധിക്കാൻ ഹിറ്റാച്ചി താരങ്ങളും ഗോളി ഡിങ്കനും സജ്ജരായിരുന്നെങ്കിലും ഇവരെയെല്ലാം കബളിപ്പിച്ച് ജൂനിയർ പന്ത് വലയിലാക്കി. ആദ്യ ഗോൾ നേടി സെക്കന്റുകൾക്കകം പോൾ രണ്ടാം ഗോളും നേടി. പോളിനെ പ്രതിരോധിക്കാൻ ഹിറ്റാച്ചി താരങ്ങൾ പരാജയപ്പെട്ടത് ഗോളിൽ കലാശിക്കുകയായിരുന്നു. കഴിഞ്ഞ മത്സരത്തിലെ താരം സർവീസസിന്റെ സന്തോഷ് ട്രാഫി താരം ജൈൻ ഹിറ്റാച്ചിയുടെ ആദ്യ ഗോൾ നേടി. വളപട്ടണം പ്രതിരോധതാരം പന്ത് നെഞ്ചിൽ സ്വീകരിക്കുന്നതിൽ പിഴച്ചപ്പോൾ കാത്തുനിന്ന ജൈൻ പന്ത് വലയിലാക്കുകയായിരുന്നു. രണ്ടാം പകുതിയിൽ 37-ാം മിനുട്ടിൽ നൈജീരിയൻ താരം അലക്സിയിലൂടെ വളപട്ടണം വീണ്ടും രണ്ട് ഗോൾ ലീഡ് നേടി. മൈതാന മധ്യത്തിൽ നിന്ന് കുതിച്ച് ഗോൾ നേടുകയായിരുന്നു. 46-ാം മിനുട്ടിൽ ഹിറ്റാച്ചി ഒരു ഗോൾ കൂടി മടക്കി. ഐവറി കോസ്റ്റ് താരം കോസ്റ്റാറിയായിരുന്നു സ്കോറർ. ജൈനുമായി വൺ ടു പാസ് കളിച്ച് സ്വന്തം ഹാഫിൽ നിന്ന് മുന്നേറി കോസ്റ്റ് നേടിയ ഗോളായിരുന്നു മത്സരത്തിലെ ഏറ്റവും സുന്ദര നിമിഷം. മത്സരം അവസാനത്തോടടുക്കവേ കൂടുതൽ വേഗം കൈവരിച്ചു. അതുവരെ ഉറങ്ങിക്കിടക്കുകയായിരുന്ന ഗാലറി ആർപ്പുവിളികളും പ്രോത്സാഹനങ്ങളുമായി സജീവനമായി. ഹിറ്റാച്ചിക്കായിരുന്നു ആരവക്കാരേറെ. മികച്ച ചില മുന്നേറ്റങ്ങൾ സൃഷ്ടിച്ചുവെന്നല്ലാതെ ഹിറ്റാച്ചിക്ക് ഗോൾ വല കുലുക്കാൻ സാധിച്ചില്ല. പരിക്ക് സമയത്ത് വളപട്ടണത്തിന്റെ അലക്സി തന്റെ രണ്ടാം ഗോളും ടീമിന്റെ നാലാം ഗോളും നേടി ഹിറ്റാച്ചിയുടെ പതനം പൂർണ്ണമാക്കി. ഒരു ഗോൾ നേടുകയും ഒരു ഗോളിന് വഴിയൊരുക്കുകയും ചെയ്ത ഹിറ്റാച്ചിയുടെ ജൈൻ മത്സരത്തിലെ താരമായി.

ഇന്നത്തെ മത്സരത്തിൽ സി.എച്ച് സ്പോർട്ടിംഗ് തിരുവട്ടൂർ, ബൈ ടീമായ സൂപ്പർ സ്റ്റുഡിയോ മലപ്പുറത്തെ നേരിടും.

ചത്ത പട്ടിയെ റോഡരികിൽ തള്ളിയത് ദുരിതമായി

ആലക്കോട്: ചത്ത പട്ടിയെ റോഡരികിൽ തള്ളിയ സാമൂഹ്യവിരുദ്ധ നടപടി പരിസരവാസികൾക്ക് ദുരിതമായി. ആലക്കോട് ടൗണിൽ സ്കൂൾ ബസ്സ്റ്റോപ്പിന് സമീപം കഴിഞ്ഞ ദിവസമാണ് സംഭവം. ഏതോ വീട്ടിൽ വളർത്തിയിരുന്ന പട്ടിയെയാണ് ചത്ത നിലയിൽ കൊണ്ടുവന്ന് തള്ളിയത്. ദുർഗന്ധം വമിക്കാൻ തുടങ്ങിയതോടെ സമീപത്തെ വ്യാപാരികൾക്കും ഓട്ടോഡ്രൈവർമാർക്കും യാത്രക്കാർക്കുമെല്ലാം ദുരിതമായി. ഒടുവിൽ ആലക്കോട് സഹകരണ ബാങ്ക് നേതൃത്വത്തിലാണ് പട്ടിയുടെ ജഡം മറവ് ചെയ്തത്.

കോളേജിലെ ആർട്സ് ഡേയ്ക്കിടെ സംഘർഷം; 21 പേർക്കെതിരെ കേസ്

പരിയാരം: വിളയാങ്കോട് വിറാസ് കോളേജ് ആർട്സ് ഡേയ്ക്കിടെ നടന്ന സംഘർഷത്തിൽ സീനിയർ വിദ്യാർത്ഥികൾ ഉൾപ്പെടെ 21 പേർക്കെതിരെ പരിയാരം പോലീസ് കേസെടുത്തു. ഇന്നലെ ഉച്ചതിരിഞ്ഞാണ് സംഘർഷം നടന്നത്. ആർട്സ് ഡേയ്ക്ക് അവസാനവർഷ ബി.സി.എ വിദ്യാർത്ഥികൾ ഡ്രസ്കോഡ് ആവിഷ്കരിച്ചിരുന്നു. കറുത്ത ഷർട്ടും ടീ ഷർട്ടും ധരിച്ചുവരാനായിരുന്നു തീരുമാനം. മറ്റ് വിദ്യാർത്ഥികളാരും കറുത്ത ഷർട്ടോ ടീ ഷർട്ടോ ധരിക്കരുതെന്നും നിർദേശിച്ചിരുന്നു. എന്നാൽ ഇത് മാനിക്കാതെ ചില വിദ്യാർത്ഥികൾ കറുത്ത ഷർട്ടും ടീ ഷർട്ടും ധരിച്ച് എത്തിയത്രെ. ഇതേ ചൊല്ലിയുള്ള വാക്കേറ്റമാണ് കൂട്ടത്തല്ലിൽ കലാശിച്ചത്. സംഭവമറിഞ്ഞ് എസ്.ഐ വിനീഷിന്റെ നേതൃത്വത്തിലെത്തിയ പോലീസാണ് സ്ഥിതിഗതികൾ ശാന്തമാക്കിയത്. മുഹമ്മദ് ഷഹാബ്, മുഹമ്മദ് ആസാദ്, സാക്കിർ, കെ.പി.ധനിത്ത് തുടങ്ങിയ 21 വിദ്യാർത്ഥികൾക്കെതിരെയാണ് കേസെടുത്തത്.

വീട്ടമ്മയെ അയൽവാസികൾ മർദിച്ചു

ആലക്കോട്: അതിർത്തിത്തർക്കത്തിന്റെ പേരിൽ അമ്മയെയും മകനെയും അയൽവാസികൾ ചേർന്ന് മർദിച്ചതായി പരാതി. ഉദയഗിരി ശാന്തിപുരത്തെ തെക്കേപറമ്പിൽ ഭാമിനി (68), മകൻ ബിജു (39) എന്നിവർക്കാണ് മർദനമേറ്റത്. കഴിഞ്ഞ ദിവസം വൈകുന്നേരം അയൽവാസിയായ രാജു കുന്നേൽ, ഷിജു, ഷിനോ എന്നിവർ ചേർന്ന് മർദിച്ചുവെന്നാണ് പരാതി. റോഡ് അതിർത്തിയിൽ കൈയാല കെട്ടുമ്പോൾ തർക്കം ഉന്നയിച്ചെത്തി മർദിക്കുകയായിരുന്നത്രെ. പട്ടിക കഷ്ണം കൊണ്ട് തലക്ക് അടിയേറ്റ ഭാമിനിയെ പരിയാരം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു.

പുല്ലംവനം പാറമടക്ക് എതിരേ പ്രതിഷേധം ഇരമ്പി

നടുവിൽ: പുല്ലംവനത്ത് വൻകിട പാറമട നിർമ്മിക്കുന്നതിന് എതിരേ ജനകീയ പ്രതിഷേധം ഇരമ്പിയ പൊതുയോഗം. ജനകീയ കർമ്മസമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന പൊതുയോഗത്തിൽ വൻ ജനാവലിയാണ് സംബന്ധിച്ചത്. പുലിക്കുരുമ്പ പള്ളിവികാരി ഫാ. നോബിൾ ഓണംകുളം അധ്യക്ഷത വഹിച്ചു. നോബിൾ പൈകട, കെ.സുനിൽകുമാർ, നടുവിൽ പഞ്ചായത്ത് പ്രസിഡണ്ട് ബിന്ദു ബാലൻ, പഞ്ചായത്തംഗം ത്രേസ്യാമ്മ ജോസഫ്, സുരേഷ് കീഴാറ്റൂർ, മണ്ഡലം കോൺഗ്രസ് പ്രസിഡണ്ട് വിൻസെന്റ് പല്ലാട്ട്, പി.പി.മുകുന്ദൻ (ബി.ജെ.പി), വിനോദ് തണങ്ങാട് പ്രസംഗിച്ചു. ബെന്നി മുട്ടത്തിൽ സ്വാഗതവും കെ.വി.ചന്ദ്രശേഖരൻ നന്ദിയും പറഞ്ഞു.

ചുമര് പൊളിക്കുന്നതിനിടെ യുവാവിന്റെ കൈപ്പത്തി തകർന്നു

അഴീക്കൽ: അഴീക്കൽ സിൽക്കിൽ ചുമര് അടിച്ചു പൊളിക്കുന്നതിനിടയിൽ യുവാവിന്റെ കൈപ്പത്തി തകർന്നു. ചുമര് പൊളിക്കുന്നതിനിടെ കൈക്ക് അടിയേറ്റ് ബംഗാൾ സ്വദേശി ദീപക് കുമാറി(30)ന്റെ കൈപ്പത്തിയാണ് തകർന്നത്. ഇയാളെ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കാണാതായ യുവതിയെ കാമുകനൊപ്പം കണ്ടെത്തി

ആലക്കോട്: രാത്രി വീട്ടിൽ നിന്ന് കാണാതായ യുവതിയെ കാമുകനൊപ്പം പോലീസ് കണ്ടെത്തി. തേർത്തല്ലി പെരുവട്ടത്തെ രവിയുടെ മകൾ രഞ്ജന(19)യെയാണ് കണ്ടെത്തിയത്. സ്വകാര്യ സ്ഥാപനത്തിലെ ജീവനക്കാരിയായ രഞ്ജനയെ ഞായറാഴ്ച രാത്രി ഏഴരയോടെയാണ് കാണാതായിരുന്നത്. ബന്ധുക്കളുടെ പരാതിയിൽ കേസെടുത്ത് അന്വേഷണം നടത്തി വരുന്നതിനിടെ ഉദയഗിരി ലഡാക്കിലെ മഹേഷി(32)നൊപ്പമാണ് യുവതിയെ കണ്ടെത്തിയത്. ഇരുവരും തമ്മിൽ കുറച്ചുകാലമായി പ്രണയത്തിലായിരുന്നുവത്രെ. മണക്കടവ് വെള്ളാട്ടുകൊല്ലിയിലെ ഒരു ബന്ധുവീട്ടിൽ കഴിയുന്നതിനിടെയാണ് സി.ഐ ഇ.പി.സുരേശന്റെ നേതൃത്വത്തിൽ ഇവരെ കണ്ടെത്തിയത്. മൊബൈൽ ഫോൺ കോളുകൾ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് ഇവരെ കണ്ടെത്താനായത്. യുവതിയെ ഇന്ന് കോടതിയിൽ ഹാജരാക്കും.

ചരമം

സെബാസ്റ്റ്യൻ

ചെമ്പേരി: ചെമ്പേരിയിലെ ആദ്യകാല കുടിയേറ്റ കർഷക കുടുംബാംഗവും റിട്ട. അധ്യാപകനുമായ മുന്തിരിങ്ങാട്ടുകുന്നേൽ എം.സി. സെബാസ്റ്റ്യൻ (85) നിര്യാതനായി. ഭാര്യ: ആനിയമ്മ, നടുവിൽ മടക്കാട് മുതുകുന്നേൽ അരീക്കൽ കുടുംബാംഗം (റിട്ട. എച്ച്.എൻ, കോയമ്പത്തൂർ). മകൾ: സുജ. മരുമകൻ: അരുൺ തടത്തിലാങ്കൽ-നെല്ലിക്കുറ്റി (എഞ്ചിനീയർ, എ. ഐ. എം. എ സ്, മൈസൂർ). സഹോദരങ്ങൾ: പരേതനായ ജോസഫ് (അപ്പേപ്പ് ചേട്ടൻ), മാത്യു (കൊച്ചേട്ടൻ, റിട്ട. പോസ്റ്റുമാൻ, ചെമ്പേരി), മോനിക്ക, അന്നമ്മ. സംസ്കാരം നാളെ രാവിലെ പത്തിന് ചെമ്പേരി ലൂർദ് മാതാ ഫൊറോന പള്ളിയിൽ.

ജാനകി

തളിപ്പറമ്പ: കരിമ്പം മയങ്ങിലെ വടക്കേ വളപ്പിൽ ജാനകി (68) നിര്യാതയായി. ഭർത്താവ്: പരേതനായ കുഞ്ഞിരാമൻ. മക്കൾ: പ്രസന്ന, പ്രകാശൻ, പ്രമീള. മരുമക്കൾ: നാരായണൻ (എളമ്പേരംപാറ), ജാസ്മിൻ (തടിക്കടവ്), വിജയൻ (ചെപ്പനൂൽ). സഹോദരങ്ങൾ: നാരായണി, കല്യാണി, പരേതനായ ഒതേനൻ.

നാരായണ പൊതുവാൾ

തളിപ്പറമ്പ: ഏഴാംമൈൽ 'ശീതൾ'ഭവനത്തിൽ പി. നാരായണ പൊതുവാൾ (66) നിര്യാതനായി. ഭാര്യ: പി.വി. ശോഭ. മക്കൾ: ശീതൾ, നമിത. മരുമക്കൾ: പ്രശാന്ത്, സച്ചിൻ. സഹോദരങ്ങൾ: മാധവപൊതുവാൾ, രുഗ്മിണി (പയ്യന്നൂർ), പരേതരായ കൃഷ്ണ പൊതുവാൾ, രാധ. സംസ്കാരം നാളെ പയ്യന്നൂർ സ്മൃതി സമുദായ ശ്മശാനത്തിൽ.

ശാന്ത

കൂവോട്: ആയുർവേദ ആശുപത്രിക്ക് സമീപം കുറ്റ്യേരിയിലെ പുതിയപുരയിൽ ശാന്ത (70) നിര്യാതയായി. ഭർത്താവ്: പരേതനായ കുഞ്ഞിരാമൻ. മക്കൾ: ഇന്ദിര, അനിത, ലതിക, അരുൺകുമാർ (ഗൾഫ്), വസന്ത, ഭരതരാജൻ (കെ.പി. മെറ്റൽസ്, ഏഴാംമൈൽ). മരുമക്കൾ: ദാമോദരൻ (കുറ്റിക്കോൽ), ബാബുരാജ് (മുതുകുട), ശ്യാമള (കുഞ്ഞിമംഗലം), പ്രകാശൻ (മുറിയാത്തോട്), രാധിക (എള്ളരിഞ്ഞി).

നാളെ വൈദ്യുതി മുടങ്ങും

തളിപ്പറമ്പ: തളിപ്പറമ്പ കോടതി പരിസരം, മന്ന, ബദരിയ്യ നഗർ, ഹുദാപള്ളി, ഫറൂഖ് നഗർ, വാട്ടർ അതോറിറ്റി എന്നീ സ്ഥലങ്ങളിൽ നാളെ രാവിലെ 9 മണി മുതൽ വൈകീട്ട് മൂന്ന് മണി വരെ വൈദ്യുതി മുടങ്ങും.

സ്വർണ്ണം ഇന്നത്തെ വില

ഗ്രാമിന്: 2815
പവന് :22520

പവിത്ര ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 123 RNI Reg.No.KER MAL/2007/22043